മിസ്റ്റർ പി. ഗോവിന്ദമേനോൻ: Rice position നോക്കുമ്പോൾ നമുക്ക് അതിനു് നിവൃത്തിയില്ല. ഇപ്പോൾ ഏതു സമയത്തും ഏഴു എട്ടു ദിവസത്തെ സ്റ്റോക്ക് മാത്രമേയുള്ളൂ.

മിസിസ്സ് കെ. എം. ആർ. മേനോൻ: നമ്മുടെ നാട്ടിൽ നിന്നു് കിട്ടുന്ന നെല്ലു് പുഴുക്കലരിയായിട്ടു കൊടുക്കുവാൻ സാധിക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെതന്നെയാണു് ചെയ്യുന്നതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: നാം വാങ്ങിക്കുന്ന അരിയിൽ പൊടിയരിയും കൂടി ഉണ്ടെന്നു പറഞ്ഞുവല്ലൊ. നോക്കി വാങ്ങിക്കാത്തതു കൊണ്ടല്ലെ അങ്ങിനെ വരുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വാങ്ങിക്കുന്നതിൽ പൊടിയുണ്ടാവുകയാണു്. കച്ചവടക്കാർ വാങ്ങിക്കുന്ന അരിയായാലും മറ്റു ചരക്കുകളായാലും അതിലും മോശമുള്ളതു് ഉണ്ടാകും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: നമുക്കു് ആവശ്യമുള്ള അരി കഴിയുന്നിത്തോളം പുഴുക്കലരിയായിട്ടുതന്നെ വാങ്ങിക്കുവാൻ സാധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കഴിയുന്നിത്തോളം പുഴുക്കലരി തന്നെ വാങ്ങിക്കണമെന്നാണു് ആഗ്രഹം.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആ ആഗ്രഹം അനുസരിച്ചു കഴിയുന്നിത്തോളം പുഴുക്കലരി തന്നെ വാങ്ങീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ചെയ്യണമെന്നു പറഞ്ഞു് Instructions കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ അരി പരിശോധിച്ചു സപ്ലൈ ചെയ്യുവാൻ പ്രത്യേകം വല്ല ഉദ്യോഗസ്ഥന്മാരേയും വെച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡെപ്പോവിൽ നിന്നാണു് അരി അയക്കുന്നതു്. മനുഷ്യർക്കു ഉപയോഗിക്കുവാൻ പാടില്ലാത്തതു് Cattle food ആയിട്ടു ഉപയോഗിക്കും. മനുഷ്യർക്കു ഉപയോഗിക്കാവുന്നതു മാത്രമേ സെൻട്രൽ ഡെപ്പോവിൽനിന്നു് അയക്കുകയുള്ളൂ.

മിസ്റ്റർ പി. നാരായണമേനോൻ: മനുഷ്യർക്കു ഉപയോഗിക്കുവാൻ പാടില്ലാത്താതാണോയെന്നു് പരിശോധിക്കുവാൻ പ്രത്യേകം വല്ല ഉദ്യോഗസ്ഥന്മാരേയും നിയമിച്ചിട്ടുണ്ടോ?

RENTING OF ELEPHANTS AT PORINGALKUTHU

313. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സഭയം മറുപടി പറയുമൊ.—

(എ) പെരിങ്ങൽകുത്തിലെ ആവശ്യത്തിലേക്കു പാട്ടത്തിനു് എടുത്തിട്ടുള്ള ആനകൾ ദിവസേന എത്ര ടൺ തടിയാണു് ശരാശരി പിടിച്ചിട്ടുള്ളതു്;

(ബി) മേൽപറഞ്ഞ ആനകൾ ഒരു ടൺ തടി ഒരു മൈൽ ദൂരം വലിച്ചു മാറ്റുന്നതിനു് എത്ര ഉറുപ്പിക ആനകളുടെ പാട്ടം ഇനത്തിൽ ചിലവു വരുന്നു?

റാവുസാഹിബു് കെ. അയ്യപ്പൻ:

(എ) ഓരോ ആനയും ശരാശരി ൩.൬൫ ടൺ വീതം.

(ബി) ചോദ്യത്തിൽ പറഞ്ഞവിധത്തിൽ കണക്കു വെച്ചിട്ടില്ല.

LOTION—SPRAY OF

314. മിസ്റ്റർ പി. നാരായണമോനൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സഭയം മറുപടി പറയുമൊ.—

(എ) തുപ്പുണിത്തുറയിലുള്ള കോട്ടക്കകത്തും അവുവ്വും ചില ഭവനങ്ങളുടെ സമീപങ്ങളിലും മാത്രം വളരെക്കാലമായി ദിവസംപ്രതി മശകങ്ങളെ സംഹരിക്കുന്നതിനുള്ള ലോക്ഷൻ 'സ്പ്രെ' ചെയ്യുകാണാറുള്ളതു് ആ പ്രദേശങ്ങൾ മലേറിയാബാധിതങ്ങളായതുകൊണ്ടാണൊ;

(ബി) അല്ലെങ്കിൽ എന്തുകൊണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly